**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1482** **03-02-2026 - ൽ മറുപടിയ്ക്ക്**

**അൺ-എക്കണോമിക്കൽ എയ്‌ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അൺ-എക്കണോമിക്കൽ എയ്‌ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സ്കെയിലിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ; വിശദമാക്കാമോ; | (എ) | കെ.ഇ.ആർ. അദ്ധ്യായം V, ചട്ടം 22 A (1) പ്രകാരം 25 കുട്ടികളിൽ കുറവുള്ള സ്കൂളുകളാണ് മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകൾ എന്ന ഗണത്തിൽ പെടുന്നത്. 12/10/2006 ലെ GO(P) No.259/2006/GEDN പ്രകാരം സംസ്ഥാനത്തെ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പ്രൊട്ടക്ടഡ് അധ്യാപകരെക്കൊണ്ട് മാത്രമേ നികത്താവൂ എന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും പിന്നീട് നിയമന രീതിയിൽ മാറ്റം വരുത്തി. ഒരു ക്ലാസ്സിൽ ശരാശരി 15 കുട്ടികൾ ഉണ്ടെങ്കിൽ അത്തരം വിദ്യാലയങ്ങൾ മതിയായ എണ്ണം കുട്ടികൾ ഉള്ള വിദ്യാലയങ്ങളാണ് എന്നും ഈ വിദ്യാലയങ്ങളിൽ K ER ചട്ടങ്ങൾ പ്രകാരമുള്ള നിയമനങ്ങൾ നടത്താവുന്നതാണ് എന്നും 16.11.2012-ലെ 13402/J2/12/GEDN, 10.5.2012-ലെ 58604/J2/12/GEDN എന്നീ സർക്കുലറുകൾ, സ.ഉ. (എം.എസ്.) നം.83/2018/പൊ.വി.വ. തീയതി 12.06.2018 എന്നിവ പ്രകാരം, സർക്കാർ നി ർദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള നിർദേശങ്ങൾ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയം ആയതിനാലാണ് അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് സ്ഥിരം നിയമനം നൽകാത്തത്. ഒരു ക്ലാസിൽ ശരാശരി 15 കുട്ടികൾ ഉണ്ടാകുന്ന മുറയ്ക്ക് സ്ഥിരം നിയമനം മാനേജർക്ക് നടത്താവുന്നതാണ്. മതിയായ എണ്ണം കുട്ടികൾ ലഭ്യമാകുന്ന മുറയ്ക്ക് അവർക്ക് ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നൽകുന്നുമുണ്ട്. സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ അധ്യാപകർക്ക് സ്കെയിലിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. |
| (ബി) | ഇവർക്ക് സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ ജീവനക്കാരുടെ ശമ്പള സ്കെയിലിൽ | (ബി) | മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത എയ്ഡഡ് വിദ്യാലയങ്ങളിലെ അനധ്യാപക നിയമനങ്ങൾ സ്കെയിൽ ഓഫ് പേയിൽ അംഗീകരിക്കുന്നതുമായി |

| | | | |
|---|---|---|---|
| | ശമ്പളം നൽകാൻ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | | ബന്ധപ്പെട്ട ഡബ്ല്യു.പി(സി)നം.39880/2016 വിധിന്യായത്തിൽ ഹർജിക്കാരനായ അദ്ധ്യാപകന് സ്കെയിൽ ഓഫ് പേയിൽ അംഗീകാരം നൽകാൻ ബഹു. കോടതി ഉത്തരവായി. ഇതിനെതിരെ സർക്കാർ അപ്പീൽ ഫയൽ (Writ Appeal No.1388/2019) ചെയ്യുകയും ഡബ്ല്യു.പി(സി)നം.39 880/2016 ലെ വിധിന്യായം സെറ്റ് എസൈഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്ക് എതിരായി സമർപ്പിച്ച എസ്.എൽ.പിയിൽ ബഹു. സുപ്രീം കോടതി അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ